എച്ച് (2)/ 28310/2011/ഡി പി ഐ       പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയതി, 29.07.2011.

## സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - സ്റ്റാഫ് ഫിക്സേഷൻ 2011-12 നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതും ശബളം നല്കുന്നതും - സംബന്ധിച്ച്

സൂചന :- ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 16-5-2011 ലെ സർക്കുലർ.

2011-12 അദ്ധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടികളുടെ ഭാഗമായി ആലപ്പുഴ ജില്ല ഒഴികെയുള്ള ജില്ലകളിൽ 12-7-2011 നും ആലപ്പുഴ ജില്ലയിൽ 13-7-2011 നും ഏകദിന പരിശോധന പൂർത്തിയാക്കിയിരുന്നു. പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മാരും അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. അധിക ഡിവിഷനുകളോ തസ്തികകളോ ആവശ്യമായി വരുന്ന സ്കൂളുകളിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഹയർ ലെവൽ വേരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ അതും അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.. ഹയർലെവൽ വേരിഫിക്കേഷൻ ആവശ്യമുള്ള സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളുടേയും 2011-12 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും പ്രസ്തുത വിവരം 16-8-2011 നു മുൻപായി എല്ലാ വിദ്യാഭ്യാസ ഉപ ഡയറ്ടൻമാരും ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

സ്റ്റാഫ് ഫിക്സേഷൻ നടപടി ക്രമങ്ങൾ പൂർത്തിയായില്ലാ എന്ന കാരണത്താൽ 2011 ജൂലൈ മാസം മുതൽ അർഹരായ അദ്ധ്യാപകർക്ക് ശബളം ലഭിക്കാത്ത സാഹചര്യം ഉണ്ടാകാൻ പാടില്ല. ആയതിനാൽ 2011, ജൂൺ മാസം വരെ ശബളം ലഭിച്ചു വന്നവരും 2011-12 ലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർവ്വീസിൽ തുടരാൻ സാദ്ധ്യതയുള്ളവർക്കും നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പ്രൊട്ടക്ഷൻ ലഭിക്കുവാൻ അർഹരായവരുമായ എല്ലാ അദ്ധ്യാപകർക്കും, അദ്ധ്യാപക ഇതര ജീവനക്കാർക്കും 2011, ജൂലൈ മാസത്തിലെ ശബളം യഥാസമയം ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ

സ്വീകരിക്കേണ്ടതാണ്. 2011, ആഗസ്റ്റ് മാസം മുതലുള്ള ശമ്പളം സ്റ്റാഫ് ഫിക്സേഷൻ ഉത്തരവു പ്രകാരം നിലവിലുള്ള നിയമങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ച് യഥാസമയം വിതരണം ചെയ്യേണ്ടതുമാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
   (വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖേന)

സീമ, 29 -7